**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 952** **31-01-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് റേഞ്ചിലെ പാണ്ടി - പട്ടൂപ്പ് റോഡ് ഗതാഗത യോഗ്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനു കീഴിൽ വരുന്നതും വനം വകുപ്പിനു ആവശ്യമുള്ളതുമായ പാണ്ടി-പട്ടൂപ്പ് റോഡ് ഗതാഗത യോഗ്യമാക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | പാണ്ടി-പട്ടൂപ്പ് റോഡ് കാസർഗോഡ് റെയിഞ്ചിലെ അഡൂർ റിസർവ്വ് വനത്തിൽ കൂടി 3 റീച്ചുകളിലായി 2.250 കി. മീറ്റർ നീളത്തിലായി കടന്നു പോകുന്ന മൺ റോഡാണ്. ഈ റോഡ് നിലവിൽ ഗതാഗതയോഗ്യമാണെങ്കിലും ആയത് അഭിവൃദ്ധിപ്പെടുത്തിയാൽ നിരവധി ആദിവാസി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും, വനം വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും, ഉപകാരപ്പെടുമെന്നുള്ളത് ബോധ്യപ്പെട്ടതിനാൽ മേൽ വിഷയം വനം വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | വനം വകുപ്പിനെ കൂടാതെ പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലായി ആശ്രയിക്കുന്ന പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്നതിന് വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | വകുപ്പിന്റെ തനത് ഫണ്ടിലോ, നബാർഡ് പദ്ധതിയിലോ ഉൾപ്പെടുത്തി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ